ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : അരിയുടെ വില വർദ്ധിച്ചതോടെ നിത്യോപയോഗസാധനങ്ങളുടെ വിലയും വർദ്ധിച്ചു. എന്നാൽ അരിയുടെ വില കുറഞ്ഞ അവസരത്തിൽ അതുപോലെ മറ്റു നിത്യോപയോഗസാധനങ്ങളുടെ വില കുറഞ്ഞിട്ടുമില്ല. അതുസംബന്ധിച്ചു ഗവണ്മെൻറ് വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

ശ്രീ. ഈ പി. പൗലോസ് : മറ്റു നിത്യോപയോഗസാധനങ്ങളുടെ വില കൂടിയിട്ടുണ്ട്. എന്നാൽ അരിയുടെ വില കുറഞ്ഞതുപോലെതന്നെ മറ്റു സാധനങ്ങളുടെ വില കുറഞ്ഞിട്ടില്ലാ എന്നുള്ളതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അരിയുടെ വില കൂടിയതിനെപ്പറ്റി അന്നു രണ്ടുമൂന്നാഴ്ചക്കാലത്തെ അവിചാരിതമായുണ്ടായ പ്രതികൂലാവസ്ഥകൊണ്ടു നെല്ലുകുത്തി അരിയാക്കി വാഗണുകളിൽ കയറ്റി ഇവിടെ എത്തിക്കാൻ കാലതാമസം നേരിട്ടതുകൊണ്ടാണു് അരി ഇവിടെ കിട്ടാത്തതെന്നു അന്നു് ബഹു: മന്ത്രി ഇവിടെ പറഞ്ഞു. അതുതന്നെയാണു് ഇന്നും ബഹുമന്ത്രി പറഞ്ഞതു?. അന്നു പറഞ്ഞതും ഞാൻ ഓർക്കുന്നുണ്ടു്. അതുതന്നെയാണോ ഇന്നും വില വർദ്ധനവിനുള്ള കാരണം.

ശ്രീ. ഈ. പി. പൗലോസ് : അന്നു പറഞ്ഞതു ഇന്നും ആവർത്തിച്ചു എന്നേയുള്ളൂ.

ശ്രീ. എസ് കുമാരൻ : അരിയുടെവില അമിതമായി വർദ്ധിച്ചതിനെ നിയന്ത്രിക്കാൻ അന്നു കാർഡു് ഒന്നിനു് രണ്ടിടങ്ങഴി അരി വിതരണം നടത്താൻ തീരുമാനിച്ചു. എന്നാൽ അതനുസരിച്ചു കൂടിയ വില പഴയതരത്തിലായിട്ടില്ല. ഈ രണ്ടിടങ്ങഴി എന്നുള്ളതു നിറുത്തുകയും ചെയ്തു. അതുകൊണ്ടു് അതു വീണ്ടും തുടരാൻ വേണ്ട നടപടിയെടുക്കുമോ; അതു അങ്ങനെയാണെങ്കിൽ വീണ്ടും തുടരേണ്ടതല്ലേ ?

ശ്രീ. ഈ. പി. പൗലോസ് : രണ്ടിടങ്ങഴി അരി രണ്ടാഴ്ചക്കാലത്തേയ്ക്കു മാത്രമാണു് അനുവദിച്ചതു്. എല്ലാ ഇനം അരിക്കും വില കുറഞ്ഞിട്ടില്ല. അരിയുടെ ഷാർട്ടേജുണ്ടായിരുന്നപ്പോഴാണു് അങ്ങനെ തീരുമാനിച്ചതു്. എന്തായാലും സെൻട്രൽ ഗവണ്മെൻറ് ഇപ്പോഴും രണ്ടിടങ്ങഴി അരി വിതരണം ചെയ്യുന്നതു് തുടരുന്നതിനനുകൂലമല്ല. കാരണം, വടക്കേ ഇൻഡ്യയിലെ പ്രത്യേകിച്ചു ബംഗാളിലെ അരിക്ഷാമവും ഇവിടത്തെ സെൻട്രൽഗൊഡൌണിലുള്ള സ്റ്റോക്കിന്റെ കുറവും ആണു്. അതുകൊണ്ടു് ഇപ്പോഴും രണ്ടിടങ്ങഴി ആക്കുന്നതിനെപ്പറ്റി ഗവണ്മെൻറിനു ആലോചിക്കാൻ നിവൃത്തിയില്ല.

ഭക്ഷ്യവിഷബാധ

* 9. [5] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1963 നവംബർ, ഡിസംബർ ഈ മാസങ്ങളിൽ സ്റ്റേറ്റിൽ എവിടെയെല്ലാം ഭക്ഷ്യവിഷബാധയുണ്ടായി ;

(ബി) ഇതുകൊണ്ടു് അവശരായവർ എത്ര പേർ ;

(സി) ഒല്ലൂരിൽ പനകുറിച്ചിറ അങ്ങാടിയിൽ തൈക്കുട്ടത്തിൽ വാറുണ്ണിയുടെ വീട്ടിലെ പത്താളുകൾക്കു് ഭക്ഷ്യവിഷബാധ ഉണ്ടായോ;

(ഡി) ഇവരിൽ എത്രപേർ മരണമടഞ്ഞു ; എത്ര പേർ രക്ഷപ്പെട്ടു ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) 1963 നവംബർമാസത്തിൽ കണ്ണൂർ ഡിസ്ട്രിക്ടിൽ തളിപ്പറമ്പ താലൂക്കിൽ കുപ്പം എന്ന സ്ഥലത്തും, തലശ്ശേരിതാലൂക്കിൽ മണ്ണന്തേരി എന്ന സ്ഥലത്തും 1963 ഡിസംബർമാസത്തിൽ കണ്ണൂർ ഡിസ്ട്രിക്ടിൽ തലശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

താലൂക്കിൽ കോട്ടയം പഞ്ചായത്തിലും തൃശ്ശൂർ ഡിസ്ട്രിക്ടിൽ എടക്കന്നിക്കല്ലൂർ വില്ലേജിലെ ഗ്രാമത്തിലും ആലപ്പുഴ ഡിസ്ട്രിക്ടിൽ മടത്തിൽഭാഗം ഗ്രാമത്തിലും ഭക്ഷ്യവിഷബാധയുണ്ടായി.

(ബി) 260 പേർ.

കണ്ണൂർ ഡിസ്ട്രിക്ട്—കപ്പം	7
തലശ്ശേരിതാലൂക്ക്—മണ്ണന്തേരി	68
കണ്ണൂർ ഡിസ്ട്രിക്ട് തലശ്ശേരി താലൂക്കിൽ കോട്ടയം പഞ്ചായത്ത്	4
തൃശ്ശൂർ ഡിസ്ട്രിക്ട് എടക്കന്നി വില്ലേജിൽ, ഒല്ലൂർ	11
ആലപ്പുഴ—മടത്തിൽഭാഗം ഗ്രാമം	170

(സി) ഉണ്ടായി. 11 (പതിനൊന്ന) ആളുകൾക്ക്.

(ഡി) ഇവരിൽ രണ്ടുപേർ മരണമടഞ്ഞു. ബാക്കിയുള്ള ഒൻപതുപേരും രക്ഷപ്പെട്ടു.

ശ്രീ. എസ്. കുമാരൻ : ഈ രണ്ടുമാസത്തിനുള്ളിൽ ഇത്രയധികം വിഷബാധയുണ്ടാകാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ എന്നു ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രത്യേകമായി യാതൊരു കാരണവും ഉള്ളതായി അറിവില്ല. ആഹാരസാധനങ്ങളിൽനിന്നും വിഷബാധ ഉണ്ടായതായിട്ടാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

ശ്രീ. ഈ. പി. ഗോപാലൻ : കഴിഞ്ഞകൊല്ലം വിഷസാധനങ്ങളും, പഞ്ചസാര അതുപോലെയുള്ള ആഹാരസാധനങ്ങളിൽ ഫോളിഡോളും മുതലായവ കലർന്നിട്ടുള്ളതു, കൊച്ചിൻപോർട്ടിൽനിന്നും ഒളിവിൽ പോയിട്ടുണ്ട്. ആ സാധനങ്ങളും മുഴുവൻ പിടിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതു ഒരു വസ്തുതയാണ്. അങ്ങനെ വിഷാംശം കലർന്നിട്ടുള്ള പഞ്ചസാര മുതലായ സാധനങ്ങളിൽ ഫോളിഡോൾ കലർന്നിട്ടുള്ളതു ബാക്കിയുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ? അതേപ്പറ്റി ആവശ്യമായ വല്ല പരിശോധനയും നടത്തീട്ടുണ്ടോ? എന്തെങ്കിലും ഒരു കാരണം ഉള്ളതുകൊണ്ടല്ലേ ഇങ്ങനെ വിഷബാധയുണ്ടായിട്ടുള്ളതു? അങ്ങനെ വല്ല കാരണവും കണ്ടെത്തിയിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ബഹുമെമ്പർ പറഞ്ഞ ഫോളിഡോൾ വിഷബാധ വളരെ പഴയതാണ്. ചേർത്തലയിൽ ഒരു സദ്യ നടത്തിയതിൽ പങ്കുകൊണ്ടവർക്ക് വിഷബാധയുണ്ടായി. അവിടെ പഞ്ചസാര ഉപയോഗിച്ചിട്ടെയില്ല. അവിടെ ഒരു ജന്മമഠത്തിൽവച്ച് അത്താഴസദ്യ നടത്തിയതാണ്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : കണ്ണൂർ ഒരു വീട്ടിൽ അച്ഛനും, അമ്മയും അഞ്ചുകുട്ടികളും വിഷബാധമൂലം മരിച്ചുകിടന്നതായി കാണപ്പെട്ടതു ഭക്ഷ്യ വിഷബാധമൂലമോ മറ്റു വല്ല കാരണം കൊണ്ടോന്നോ, എന്തുകൊണ്ടാണെന്നാണ് അറിയാൻ സാധിച്ചതു ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കണ്ണൂർ ഡിസ്ട്രിക്ടിൽ കപ്പം എന്ന സ്ഥലത്തെ കാര്യമാണ് ഞാൻ പറഞ്ഞതു.

ശ്രീ. ആർ. സുഗതൻ : ചേർത്തല താലൂക്കിൽ തൈക്കാട്ടശ്ശേരിയിൽ ഉണ്ടായ വിഷബാധയുടെകാര്യം അവിടെയുള്ള ഡാക്ടർമാർ അന്വേഷിച്ചതിൽ അവിടെ നടന്ന സദ്യയിൽ നിരോധിക്കപ്പെട്ട മട്ടിപ്പയർ ഉപയോഗിച്ചതുകൊണ്ടാണെന്ന് അഭിപ്രായപ്പെടുകയുണ്ടായതായി അറിയാൻ കഴിഞ്ഞു. അങ്ങനെ അതു കച്ചവടം ചെയ്യുന്ന കച്ചവടക്കാർ ആരാണെന്നു കണ്ടുപിടിച്ചു അവരെ ശിക്ഷിക്കയുണ്ടായോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ ഒരു സംസ്ഥാനം ഉണ്ടായതിനെ തുടർന്ന കടകളിൽനിന്നും പയർ എടുത്തു് ലാബറട്ടറിയിൽ അയച്ചു് പരിശോധന നടത്തി. പരിശോധനയിൽ അതിൽ വിഷാംശം ഉണ്ടായിട്ടുള്ളതായി വെളിവായിട്ടില്ല.

ശുദ്ധജലവിതരണം

* 10. [6] ശ്രീ. പി. എസു്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശവാസികൾക്കു് ശുദ്ധജലവിതരണം നടത്തുന്നതിനു് ഗവണ്മെൻറിനുള്ള പരിപാടികൾ എന്തൊക്കെയാണു് ;

(ബി) അരൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തു പ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിനു് ഓവർഹെഡു് ടാങ്കുകൾ കെട്ടി ശുദ്ധജലവിതരണം നടത്തുന്നതാണു് പ്രയോജനപ്രദമെന്നു കാണിച്ചു് നിവേദനം വല്ലതും ലഭിച്ചിട്ടുണ്ടോ ;

(സി) മേൽപറഞ്ഞ രീതിയിലുള്ള ശുദ്ധജലവിതരണപരിപാടി ആ പ്രദേശങ്ങളിൽ നടപ്പിലാക്കുവാൻ ഗവണ്മെൻറു് അടിയന്തിര ശ്രദ്ധ പതിപ്പിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) കഴൽ കിണറുകൾ കുഴിച്ചു അതിൽ നിന്നും കിട്ടുന്ന ജലം പമ്പു ചെയ്തു ഓവർഹെഡു് ടാങ്കുകളിൽ സംഭരിച്ചു കുഴലുകൾവഴി വിതരണംചെയ്യുക എന്നതാണു് തീരദേശങ്ങളിൽ ജലവിതരണത്തിനുള്ള ഏറ്റവും വിജയകരമായ പദ്ധതി.

(ബി) ഉണ്ടു്.

(സി) ഇക്കാര്യം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. പി. എസു്. കാത്തികേയൻ : ചോദ്യം നമ്പർ.-യിൽ പറഞ്ഞിട്ടുള്ളതുപോലെ അരൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുപ്രദേശങ്ങളിൽ രണ്ടോ മൂന്നോ കുഴൽകിണറുകൾ കുഴിപ്പിച്ചു അതിൽനിന്നും ഉള്ള വെള്ളം ഓവർ ഹെഡ്ഡു് ടാങ്കുകൾ കെട്ടി ശുദ്ധജലവിതരണം നടത്തുന്നതാണു് പ്രയോജനപ്രദമെന്നും, ആ പദ്ധതി ഉപയോഗപ്പെടുത്തീട്ടില്ലെന്നും ഉള്ള ഒരു നിവേദനം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടില്ലേ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ ഒന്നു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. എന്നാൽ അതു അങ്ങനെ ചെയ്യുന്നതുകൊണ്ടു ഈ റൂറൽ വാട്ടർസപ്ലൈ സ്കീമിൻെറ ആ സീലിംഗ് ലിമിറ്റിൽ കൂടുതലാകും എന്നു കണ്ടതുകൊണ്ടു് ആണു് അതു തുടരാതിരുന്നതു്. പക്ഷെ, ഇതുപോലെയുള്ള കാര്യങ്ങളിൽ ഈ റൂളുകൾ കുറച്ചു റിലാക്സു ചെയ്യാം എന്നു് ഇപ്പോൾ അനുവാദം കിട്ടീട്ടുണ്ടു്. അതിൻെറ വെളിച്ചത്തിൽ അതിപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. സി. ഏബ്രഹാം : ഒരു അമേരിക്കൻ വിദഗ്ദ്ധൻെറ ഉപദേശപ്രകാരം തീരപ്രദേശങ്ങളിൽ കുഴൽ കിണറുകൾ കുഴിപ്പിച്ചു ശുദ്ധജലവിതരണം നടത്താം എന്നുള്ളതനുസരിച്ചു അപ്രകാരം കുഴൽകിണറുകൾ കുഴിപ്പിച്ചിട്ടുള്ളതിൽ നിന്നും ഇപ്പോൾ ശുദ്ധജലം ലഭിക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : വളരെ കൃത്യമായിട്ടു പറയാൻ നിവൃത്തിയില്ല. എങ്കിലും ഒന്നുരണ്ടെണ്ണം പരിശോധിച്ചു നോക്കിയതിൽ ഒന്നു് സൈനികസ്കൂളിലും, ഒന്നു് എറണാകുളം ജില്ലയിലും. അങ്ങനെ നോക്കിയതിൽ സൈനികസ്കൂളിൽ വിജയകരമായി കണ്ടു. മറ്റേതും വിജയിച്ചുകാണും. കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ കടലിൽ നിന്നും ഉപ്പുവെള്ളം മാറ്റി എടുത്തു ശുദ്ധജലവിതരണം നടത്താനുള്ള വല്ല പദ്ധതിയും ഗവണ്മെൻറിൻെറ പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly